പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1275.

12.03.2015 ൽ മറുപടിക്ക്

## വാഹന ഇന്ധന വിതരണ കേന്ദ്രങ്ങളിലെ ക്രമക്കേടുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.റ്റി.എ.അഹമ്മദ് കബീർ:** | **ശ്രീ. അനൂപ് ജേക്കബ്** (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) വാഹന ഇന്ധന വിതരണ കേന്ദ്രങ്ങളിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിനും തടയുന്നതിനുമുള്ള സംവിധാനങ്ങൾ വ്യക്തമാക്കുമോ ; | (എ) ഭക്ഷ്യ പൊതുവിതരണ വകുപ്പിലെ താലൂക്ക് സപ്ലൈ ഓഫീസർ റാങ്കിൽ കുറയാത്ത തസ്തികയിലുള്ള ഉദ്യോഗസ്ഥർക്കും, ജില്ലാ കളക്ടർക്കും, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്/അസിസ്റ്റന്റ് പോലീസ് കമ്മീഷണർ എന്നീ ഉദ്യോഗസ്ഥർക്കും പെട്രോൾ പമ്പുകൾ പരിശോധിക്കുവാനുള്ള അധികാരം ഉണ്ട്. എണ്ണക്കമ്പനികളുടെ സെയിൽസ് ഏരിയ ഫീൽഡ് ഓഫീസർമാരും, ടെറിട്ടറി ഓഫീസുകളിലെ ഉദ്യോഗസ്ഥൻമാരും പമ്പുകളിൽ പരിശോധന നടത്താറുണ്ട്. സപ്ലൈകോയുടെ പമ്പുകളിൽ ഓഡിറ്റ്, വിജിലൻസ് ഉദ്യോഗസ്ഥരും പരിശോധന നടത്താറുണ്ട്. |
| (ബി) അളവ് കൃത്യമെന്നുറപ്പ് വരുത്താനും മായം ചേർക്കൽ തടയാനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമെന്താണെന്ന് വിശദമാക്കുമോ; അതിൻെറ കാര്യക്ഷമത ഉറപ്പ് വരുത്തുന്നതിനു കർശന നടപടി സ്വീകരിക്കുമോ ? | (ബി) ലീഗൽ മെട്രോളജി വകുപ്പ് മുദ്രണം ചെയ്ത മെഷറിംഗ് ജാർ അളവ് പരിശോധിക്കാനായി ഔട്ട്ലറ്റുകളിൽ ലഭ്യമാണ്. അളവ് കൃത്യമെന്ന് ഉറപ്പുവരുത്തുന്നതിലേക്കായി ലീഗൽ മെട്രോളജി വകുപ്പ് പരിശോധനകൾ നടത്തുകയും കുറ്റക്കാർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. കൂടാതെ പെട്രോൾ, ഡീസൽ എന്നിവയുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ഡെൻസിറ്റി കിറ്റും, പെട്രോളിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി സ്പെഷ്യൽ ഫിൽട്ടർ പേപ്പറും ലഭ്യമാണ് എന്നും, എണ്ണക്കമ്പനികളിൽ നിന്നുള്ള ആന്റി അഡൽറ്ററേഷൻ സെൽ ഉദ്യോഗസ്ഥർ പെട്രോളിയം ഉല്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കാറുണ്ട് എന്നും എണ്ണക്കമ്പനികളുടെ സംസ്ഥാന തല കോ- ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ